# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5919 04.07.2019 ൽ മറുപടിക്ക്**

**മങ്കട മണ്ഡലത്തിലെ ഒരോടം പാലം വീതികൂട്ടൽ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ടി.എ.അഹമ്മദ് കബീർ | ശ്രീ ജി സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) മങ്കട മണ്ഡലത്തിലെ ഒരോടം പാലം വീതികൂട്ടി പുനരുദ്ധാരണം നടത്തുന്നതിലേയ്ക്കായി 2017-18-ലെ കേന്ദ്ര വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതിയ്ക്കായി സമർപ്പിച്ചതിന്മേൽ അനുമതി ലഭ്യമായിട്ടുണ്ടോ; | എ) മങ്കട മണ്ഡലത്തിലെ ഒരോടം പാലം വീതികൂട്ടി പുനരുദ്ധാരണം നടത്തുന്ന പ്രവൃത്തിക്ക് 2017-18 ൽ കേന്ദ്രാനുമതി ലഭിച്ചിരുന്നില്ല |
| ബി) അനുമതിക്കായി കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ പരിഗണനയ്ക്ക് സമർപ്പിച്ച ശേഷം ഇക്കാര്യത്തിലുണ്ടായ പുരോഗതി എന്തെല്ലാമാണ്; വ്യക്തമാക്കുമോ; | ബി) മങ്കട മണ്ഡലത്തിലെ ഒരോടം പാലം വീതികൂട്ടി പുനരുദ്ധാരണ പ്രവൃത്തിക്ക് 2018-19 ലെ കേന്ദ്ര വാർഷിക പദ്ധതിയിലുൾപ്പെടുത്തി അനുമതി ലഭിക്കുന്നതിനായി സമർപ്പിച്ച പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| സി) പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ. തയ്യാറാക്കുന്ന ജോലി പൂർത്തികരിച്ചോ എന്നറിയിക്കാമോ; | സി) പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ തയ്യാറാക്കിയിട്ടുണ്ട്. 2018-19 ലെ കേന്ദ്ര വാർഷിക പദ്ധതിയുടെ അനുമതി ലഭ്യമായാൽ ഉടൻ തന്നെ ഡി.പി.ആർ കേന്ദ്ര ഹൈവേ മന്ത്രാലയത്തിൽ അനുമതിയ്ക്കായി സമർപ്പിക്കുന്നതാണ്. |
| ഡി) ഇൻവെസ്റ്റിഗേഷൻ ചാർജ് ഇനത്തിൽ ദേശീയ പാത വിഭാഗത്തിന് നൽകിയ തുകയുടെ വിനിയോഗം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ? | ഡി) കേന്ദ്ര വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പദ്ധതിയായതിനാൽ ഇൻവെസ്റ്റിഗേഷൻ ചാർജ്ജ് ഇനത്തിൽ സംസ്ഥാന ദേശീയപാത വിഭാഗത്തിന് നീക്കിവെച്ച തുകയിൽ നിന്നും വിനിയോഗിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ